**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 4432** **06-03-2023 - ൽ മറുപടിയ്ക്ക്**

**കയർമേഖലയിലെ പ്രതിസന്ധി പരിഹരിക്കുന്നതിനും ഉല്പന്നങ്ങളുടെ വിപണനത്തിനും നടപടി**

| | ചോദ്യം | | ഉത്തരം |
|---|---|---|---|
| | **ശ്രീ. എച്ച്. സലാം** | | **ശ്രീ. പി. രാജീവ്**<br>**(നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി)** |
| (എ) | കയർമേഖലയിലെ പ്രശ്നങ്ങൾ പഠിക്കുന്നതിനും പ്രതിസന്ധി പരിഹരിക്കുന്നതിനും ആവശ്യമായ നിർദേശങ്ങൾ സമർപ്പിക്കുന്നതിനായി സർക്കാർ കമ്മിറ്റിയെ നിയോഗിച്ചിട്ടുണ്ടോ; എങ്കിൽ കമ്മിറ്റിയുടെ പ്രവർത്തനം ഏത് ഘട്ടത്തിലാണെന്ന് വ്യക്തമാക്കുമോ; പ്രസ്തുത കമ്മിറ്റിയുടെ റിപ്പോർട്ട് ലഭിച്ചിട്ടുണ്ടോ; എന്തൊക്കെ ശിപാർശകളാണ് പ്രസ്തുത റിപ്പോർട്ടിൽ ഉൾക്കൊള്ളിച്ചിരിക്കുന്നതെന്നും കയർ മേഖലയുടെ നവീകരണത്തിനും സംരക്ഷണത്തിനുമായി എന്തെല്ലാം കാര്യങ്ങൾ ചെയ്യാനാണ് ഉദ്ദേശിക്കുന്നതെന്നും വ്യക്തമാക്കുമോ ; | (എ) | ഉണ്ട്. കയർ മേഖലയിലെ പ്രശ്നങ്ങൾ പഠിക്കുന്നതിനും പ്രതിസന്ധി പരിഹരിക്കുന്നതിനുമുള്ള ശുപാർശകൾ ലഭ്യമാക്കുന്നതിന് സർക്കാർ വിദഗ്ധ സമിതിയെ നിയോഗിച്ചിട്ടുണ്ട്. പ്രസ്തുത സമിതിയുടെ പ്രവർത്തനം പുരോഗമിച്ചു വരുന്നു. സമിതിയുടെ റിപ്പോർട്ട് ലഭിച്ചിട്ടില്ല. എന്നാൽ കയറിന്റെയും കയറുല്പന്നങ്ങളുടെയും വർദ്ധിത തോതിലുള്ള സ്റ്റോക്ക് വിറ്റഴിക്കുന്നത് സംബന്ധിച്ച് അടിയന്തിര നടപടി സ്വീകരിക്കുന്നതിനുള്ള ശുപാർശ സമിതി സമർപ്പിച്ചിട്ടുണ്ട്. ആയത് സർക്കാർ പരിശോധിച്ചുവരുന്നു. |
| (ബി) | വിറ്റൊഴിക്കാനാകാതെ കെട്ടിക്കിടക്കുന്ന കയർ ഉല്പന്നങ്ങളുടെ വിപണനത്തിന് എന്തെങ്കിലും പ്രത്യേക പദ്ധതി നടപ്പാക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ വിശദാംശം ലഭ്യമാക്കാമോ; വിപണിയിലെ ആവശ്യകതയ്ക്ക് അനുസരിച്ച് മാത്രം ഉല്പാദനം നടത്തി ഉല്പന്നങ്ങൾ കെട്ടിക്കിടക്കുന്നത് ഒഴിവാക്കുന്നതിനായി എന്തെങ്കിലും നടപടി സ്വീകരിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ? | (ബി) | വിറ്റഴിക്കാനാകാത്ത കയറുല്പന്നങ്ങളുടെ സ്റ്റോക്ക് വിപണനം പ്രോത്സാഹിപ്പിക്കുന്നതിന് ആവശ്യമായ ശുപാർശകൾ സമർപ്പിക്കാൻ നിയോഗിപ്പിക്കപ്പെട്ട സമിതി സമർപ്പിച്ച റിപ്പോർട്ട് സർക്കാർ പരിശോധിച്ചുവരുന്നു. കയർ മേഖലയിലെ പ്രശ്നങ്ങൾ പഠിച്ച് പരിഹാര മാർഗ്ഗങ്ങൾ നിർദ്ദേശിക്കാൻ നിയോഗിച്ച വിദഗ്ധ സമിതി സമർപ്പിക്കുന്ന റിപ്പോർട്ട് കൂടി പരിഗണിച്ച്, വിപണിയുടെ ആവശ്യകതയ്ക്ക് അനുസരിച്ച് ഉല്പാദനം പ്രോത്സാഹിപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ